ശ്രീ. ടി. കെ. ദിവാകരൻ : അതുസംബന്ധിച്ചു എന്താണു ഈ ഗവണ്മെൻറിന്റെ അഭിപ്രായം?

ശ്രീ. കെ. ഐ. വേലായുധൻ : അതുസംബന്ധിച്ചു തൽക്കാലം അഭിപ്രായം രൂപീകരിക്കപ്പെട്ടുകയുണ്ടായില്ല. ആവശ്യമുണ്ടോയെന്നു തീരുമാനവും ചെയ്തിട്ടില്ല. അങ്ങനെ ഒരു തീരുമാനം ഉണ്ടാകാതെ സെൻട്രൽ ഗവണ്മെൻറു ഒരു തീരുമാനം എടുക്കരുതെന്നു അറിയിച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ ഗവണ്മെൻറിന്റെ അഭിപ്രായം അങ്ങനെ ഒരു ബോർഡു് രൂപീകരിക്കണമെന്നാണോ, അതോ, വേണ്ടെന്നാണോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതു തീരുമാനിക്കപ്പെട്ടിട്ടില്ല എന്നു പറഞ്ഞുകഴിഞ്ഞു.

ശ്രീ. ടി. കെ. ദിവാകരൻ : പല സ്റ്റേറുകളിലും ഇലക്ട്രിസിറ്റി ബോർഡുകൾ രൂപീകരിച്ചിട്ടുള്ളതായറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : അറിവില്ല.

വിദ്യുച്ഛക്തി വിതരണം.

* 91. [43] ശ്രീ. പി. കേശവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955–56 സാമ്പത്തികവർഷത്തിൽ വിദ്യുച്ഛക്തി വിതരണത്തിനു എന്തു തുക നീക്കിവച്ചിരുന്നു;

(ബി) ടി സംഖ്യയിൽ എന്തെങ്കിലും സംഖ്യ ലാപ്സാകുമെന്നു ഗവണ്മെൻറു പ്രതീക്ഷിക്കുന്നുണ്ടോ;

(സി) അനുവദിക്കപ്പെട്ട സംഖ്യ ലാപ്സാകുവാൻ ഹേതുവായ കാരണങ്ങൾ എന്തെല്ലാം?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. പ്പൊ. വേലായുധൻ) :

(എ) 6 ലക്ഷം രൂപ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

മിനിമം വേജസ്.

* 92. [44] ശ്രീ. പി. കെ. ചാത്തൻ : † താഴെകാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വ്യവസായങ്ങളിൽ മിനിമം വേജസ് ഏർപ്പെടുത്താത്തതായി ഇനിയും സംസ്ഥാനത്തു അവശേഷിക്കുന്നു എന്നു പറയാമോ;

(ബി) ഓടുവ്യവസായത്തിൽ "മിനിമം വേജ്" നടപ്പാക്കണമെന്നു് എന്തെങ്കിലും നിവേദനങ്ങൾ ഗവണ്മെൻറിൽ കിട്ടിയിട്ടുണ്ടോ;

(സി) ഓടുവ്യവസായത്തിൽ മിനിമം വേജ് നടപ്പാക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടു്; ഉണ്ടെങ്കിൽ എപ്പോൾ?

† As the member was absent the Question was put by Shri C. C. Ayyappan with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മിനിമം വേജസ് ആക്ററനുസരിച്ച് (എ) പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങളിൽ പരവതാനി, കോലരക്ക്, അഭ്രം ഇവകളുടെ നിർമ്മാണം ഒഴിച്ചു ബാക്കി എല്ലാ തൊഴിലുകൾക്കും മിനിമം വേജസ് നിശ്ചയിച്ചിട്ടുണ്ട്. കയ്യുണ്ട വ്യവസായം, കയർവ്യവസായം എന്നിവകളിലും മിനിമംവേജസ് നടപ്പാക്കിയിട്ടുണ്ട്. മിനിമം വേജസ് ഏർപ്പെടുത്താൻവേണ്ടി ഉപ്പളം, ഏലത്തോട്ടം എന്നിവ മിനിമം വേജസ് ആക്ററിന്റെ (എ) പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നാവികത്തൊഴിലാളികൾക്കും പ്രിൻറിംഗ് പ്രസ്സിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും മിനിമം വേജസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. മിനിമം വേജസ് ആക്ററിൽ (ബി) പട്ടികയിൽ ഉൾപ്പെടുന്ന കർഷകതൊഴിലാളികൾക്കും മിനിമം വേജസ് നിശ്ചയിക്കേണ്ടതായിട്ടുണ്ട്.

(ബി) നിവേദനം കിട്ടിയിട്ടുണ്ട്.

(സി) ഓട്ടുവ്യവസായം സംബന്ധിച്ചു മിനിമം വേജസ് നടപ്പിലാക്കാൻ ഗവണ്മെൻറ് പര്യാലോചിച്ചുകൊണ്ടിരിക്കയാണ്.

ശ്രീ. കെ. കരുണാകരൻ: ചെത്തു തൊഴിലാളികളുടെ സേവന വ്യവസ്ഥയെപ്പററി അന്വേഷിക്കാൻ ഒരു കമ്മിററിയെ നിയമിച്ചിരുന്നതിൽ അവരുടെ റിപ്പോർട്ട് വന്നിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റിപ്പോർട്ട് വന്നിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: ആ റിപ്പോർട്ടനുസരിച്ചു വേതനം കൊടുത്തുവരുന്നില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ കൊടുക്കാതിരിക്കുന്നവരുടെ പേരിൽ നടപടി നടത്താൻ നിവൃത്തിയില്ലാതെയാണിരിക്കുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ: അബ്കാരി ലേലസന്ദർഭത്തിൽ ഈ വ്യവസ്ഥകൂടി പരിഗണിക്കണമെന്ന ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലഭിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ പുതിയ വ്യവസ്ഥകൾ അനുസരിച്ചല്ല ലേലം നടത്തിയതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസ്സുവേണം.

വ്യവസായ തൊഴിലാളികളുടെ ബോണസ് മുതലായവ.

* 93. [45] ശ്രീ. പി. ഗോപാലൻ: † താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തെ ടെക്സ്ററയിൽ വ്യവസായ തൊഴിലാളികളുടെ ബോണസ്, അലവൻസ്, കൂലി തുടങ്ങിയ വേതനങ്ങളിൽ ഐകരൂപ്യം വരുത്തുവാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

† As the member was absent the question was put by Shri C. C. Ayyappan with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly